**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3405** **08-10-2025 - ൽ മറുപടിയ്ക്ക്**

**നീന്തൽ പരിശീലനം കരിക്കുലം പദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | നീന്തൽ പരിശീലനം കരിക്കുലം പദ്ധതിയുടെ ഭാഗമാക്കുമെന്ന് പ്രഖ്യാപിച്ചതിന്റെ ഭാഗമായി എന്തൊക്കെ തുടർപ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | കേരളത്തിലെ പൊതുവിദ്യാലയങ്ങളിലുള്ള കുട്ടികൾക്ക് ആരോഗ്യ കായിക വിദ്യാഭ്യാസം നിർബന്ധിത പാഠ്യവിഷയമായി ഉൾപ്പെടുത്തിയിട്ടുള്ളതിൽ ഒരു പ്രധാന ഇനമാണ് നീന്തൽ. നീന്തൽ പഠനം വളരെ ഫലപ്രദമായ രീതിയിൽ നിർവഹിക്കുന്നതിനു വേണ്ടി ആരോഗ്യകായിക വിദ്യാഭ്യാസം ഹാൻഡ്ബുക്കുകളിൽ നീന്തലുമായി ബന്ധപ്പെട്ട പരിശീലന ഉള്ളടക്ക മേഖലകൾ വളരെ കൃത്യതയോടെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. നീന്തൽ പരിശീലനരംഗത്ത് പ്രഗൽഭരായിട്ടുള്ള വിഷയ വിദഗ്ധരുടെ സഹായത്തോടു കൂടിയാണ് ഈ ഉള്ളടക്കമേഖലകൾ ഹാൻഡ്ബുക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതു കൂടാതെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാദേശിക തലത്തിൽ ഓരോ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് എല്ലാ കുട്ടികൾക്കും നീന്തൽ പരിശീലനം നൽകിവരുന്ന പദ്ധതികളും നിലവിൽ സമാന്തരമായി നടന്നുവരുന്നുണ്ട്. |
| (ബി) | സ്കൂൾ അവധിക്കാലത്തുൾപ്പെടെ മുങ്ങിമരണങ്ങൾ ധാരാളം റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ കുട്ടികൾക്ക് സ്കൂളുകളിൽ നീന്തൽ പരിശീലനം ഏർപ്പെടുത്തുന്നത് ഉചിതമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | സുരക്ഷിതമായ രീതിയിൽ കുട്ടികൾ നീന്തൽ പരിശീലിക്കുക എന്നുള്ളത് പാഠ്യപദ്ധതിയുടെ വളരെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിൽ ഒന്നാണ്. കേരളത്തിലെ വിവിധ സന്നദ്ധ സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ, വിവിധ സ്പോർട്സ് ക്ലബ്ബ്കൾ എന്നിവരുടെയൊക്കെ നേതൃത്വത്തിൽ അവധിക്കാലത്തും ഒഴിവു സമയങ്ങളിലും കുട്ടികൾക്ക് ശാസ്ത്രീയമായ നീന്തൽ പരിശീലന രീതികൾ നടത്തിവരുന്നു. |
| (സി) | എങ്കിൽ എന്തൊക്കെ നടപടികളാണ് ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ? | (സി) | കേന്ദ്രീകൃത രീതിയിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക എന്നത് പ്രായോഗികമായി പ്രയാസം ഉണ്ടാക്കും. ആയതിനാൽ തനതായ നിലയിൽ ഓരോ വിദ്യാലയങ്ങളും പ്രാദേശികമായ നീന്തൽ |

| | | | |
|---|---|---|---|
| | | | വിഭവങ്ങളുടെയും സൗകര്യങ്ങളുടെയും സഹായം കണ്ടെത്തുകയും അതിന് ആനുപാതികമായ നിലയിലുള്ള പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നതായിരിക്കും ഉചിതം. കേരളത്തിലെ മിക്കവാറും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നീന്തലിൽ ശാസ്ത്രീയ പരിശീലനം നൽകുവാനുള്ള പ്രത്യേക പദ്ധതികൾ എല്ലാവർക്കും ആവിഷ്കരിച്ച് നടപ്പിലാക്കാറുണ്ട്. ആറ്റിങ്ങൽ നഗരസഭയുടെ നേതൃത്വത്തിൽ ഇത്തരത്തിലുള്ള മാതൃകാപരമായ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പൂർത്തിയായിട്ടുണ്ട്. സമാനമായ മാതൃകകൾ ധാരാളമായി സംസ്ഥാനത്ത് നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ